# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4498 | 26.06.14 ൽ - മറുപടിക്ക്

## ആർ.സി.എം.എസ്. ഇ-വെരിഫിക്കേഷൻ സേവനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, വി. റ്റി. ബൽറാം<br>,, സി. പി. മുഹമ്മദ്<br>,, ഹൈബി ഈഡൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഇ.പി.ഡി.എസ്. പ്രകാരം ആർ.സി. എം.എസ്. ഇ-വെരിഫിക്കേഷൻ സേവനങ്ങൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ആർ.സി.എം.എസ്-ൽ നിന്ന് ഇ-വെരിഫിക്കേഷൻ സേവനങ്ങൾ നൽകി വരുന്നു. |
| (ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ; | (ബി) | മറ്റു വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും റേഷൻകാർഡ് സംബന്ധിച്ച വെരിഫിക്കേഷൻ ആവശ്യമായി വരുമ്പോൾ ഇ-വെരിഫിക്കേഷൻ മുഖേന റേഷൻ കാർഡിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച നിജസ്ഥിതി മനസ്സിലാക്കാൻ സാധിക്കും. ആർ.സി.എം.എസ് ഡാറ്റാബേസിലുള്ള നിശ്ചിത ഫീൽഡുകൾ മറ്റു വകുപ്പുകൾക്ക് പങ്കു വച്ചാണ് ഇ-വെരിഫിക്കേഷൻ നടത്തിവരുന്നത്. |
| (സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | ഉപഭോക്താക്കൾ മറ്റു വകുപ്പുകളിൽ ഹാജരാക്കുന്ന റേഷൻകാർഡ് വിവരങ്ങൾ ആതന്റിക്കേറ്റ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ഇതുമൂലം സാധിക്കും. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | ഇ-ഡിസ്ട്രിക്ട് പോലുള്ള പദ്ധതികളിൽ റേഷൻകാർഡ് ആതന്റിക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുന്നത് എൻ.ഐ.സി.യാണ്. |
| (ഇ) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനുവേണ്ടി ലഭിക്കുന്നത്? | (ഇ) | കേന്ദ്രസഹായം ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ